## 15 -ാം കേരള നിയമസഭ

## 7 -ാം സമ്മേളനം

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1122** **07-12-2022 - ൽ മറുപടിയ്ക്ക്**

## ചെറുതാഴം കണ്ടത്ത് വി സി ബി കം ട്രാക്ടർ വേ നിർമ്മാണം

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എം.വിജിൻ | | ശ്രീ. റോഷി അഗസ്റ്റിൻ<br>(ജലവിഭവ വകുപ്പ് മന്ത്രി) | |
| (എ) | 10.5.2021തീയതിയായി 35 ലക്ഷം രൂപയുടെ ഭരണാനുമതി ലഭിച്ച, കണ്ണൂർ ജില്ലയിലെ ചെറുതാഴം ഗ്രാമപഞ്ചായത്തിലെ പെരിയാട്ടുതറ തോടിനു കുറുകെ കണ്ടത്ത് എന്ന സ്ഥലത്ത് വി.സി.ബി. (വാക്വo സർക്യൂട്ട് ബ്രേക്കർ ) കം ട്രാക്ടർ വേ നിർമ്മിക്കുന്നതിന് സമർപ്പിച്ച പുതുക്കിയ എസ്റ്റിമേറ്റിന് അംഗീകാരം നൽകിയിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ? | (എ) | കണ്ണൂർ ജില്ലയിലെ ചെറുതാഴം ഗ്രാമപഞ്ചായത്തിലെ പെരിയാട്ടുതറ തോടിന് കുറുകെ വി.സി.ബി കം ട്രാക്ടർ വേ നിർമ്മിക്കുന്നതിന് വേണ്ടി ഹരിതകേരളം സ്കീമിൽ ഉൾപ്പെടുത്തി ജലസേചനവും ഭരണവും ചീഫ് എഞ്ചിനീയറുടെ കാര്യാലയത്തിൽ നിന്നും 35 ലക്ഷം രൂപയുടെ ഭരണാനുമതി നല്കിയിരുന്നു. സാങ്കേതികാനുമതിയുടെ സമയത്ത് മേൽ വി.സി.ബി-യുടെ ഇരുഭാഗത്തും റോഡ് നിർമ്മിക്കുന്നതിന്ഒരു പദ്ധതി പഞ്ചായത്ത് അംഗികാരം നല്കിയിരുന്നതിന്റെ അടിസ്ഥാ നത്തിൽ ചെറിയ വാഹനങ്ങൾ കടന്നുപോകുന്നതിനാവശ്യമായ വീതി വി.സി.ബി. യുടെ സ്ലാബിന് നല്കണമെന്ന് പഞ്ചായത്ത് അധികാരികളും നാട്ടുകാരും ആവശ്യപ്പെട്ടിരുന്നു. എസ്റ്റിമേറ്റ് തയ്യാറാക്കി അംഗീകാരത്തിനായി സമർപ്പിച്ചിരുന്നുവെങ്കിലും വി.സി.ബി-യുടെ ഇരുഭാഗത്തും റോഡ് നിർമ്മിക്കുന്നതിനുള്ള പദ്ധതി നാളിതുവരെയായിട്ടും യാഥാർത്ഥ്യ മായിട്ടില്ലെന്നും നിലവിലെ സാഹചര്യത്തിൽ ഒരു ട്രാക്ടർ വേ തന്നെ പര്യാപ്തമാണെന്നും, ഭരണാനുമതി ലഭിച്ച എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തിയിട്ടുള്ള പ്രൊവിഷൻസ് തന്നെ പര്യാപ്തമാണെന്നും സൂപ്രണ്ടിംഗ് എഞ്ചിനീയർ അറിയിക്കുകയുണ്ടായി. എസ്റ്റിമേറ്റ് ഡി.എസ്.ആർ 2018 നിരക്കിലേയ്ക്ക് പുതുക്കുമ്പോൾ എസ്റ്റിമേറ്റ് തുക 41.10 ലക്ഷം രൂപയായി വർദ്ധിക്കുകയും പ്രൈസ് 3 നിലവിൽ വന്നതിനാൽ മേൽപ്രവൃത്തിയ്ക്ക് പുതുക്കിയ ഭരണാനുമതി നല്കുമ്പോൾ മുഴുവൻ തുകയായ 41.10 ലക്ഷം രൂപയും ഈ സാമ്പത്തിക വർഷത്തെ ഫണ്ടിൽ നിന്നും വിനിയോഗിക്കേണ്ടി വരും. ഇക്കാരണത്താൽ പ്രവൃത്തിയുടെ ആവശ്യകത, സ്വഭാവം, ഫണ്ടിന്റെ ലഭ്യത, പൊതുഉപയോഗം എന്നിവ പരിഗണിച്ച് ഉചിതമായ ശീർഷകത്തിൽ ഉൾപ്പെടുത്തി എസ്റ്റിമേറ്റ് സമർപ്പിക്കാൻ സൂപ്രണ്ടിംഗ് |

| | | | |
|---|---|---|---|
| | | | എഞ്ചിനീയർക്ക് ജലസേചനവും ഭരണവും ചീഫ് എഞ്ചിനീയറുടെ കാര്യാലയത്തിൽ നിന്നും നിർദ്ദേശം നല്കിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ